# കേരള സർവകലാശാല

നം. പി.ആർ.276/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ക്രിസ്തുമസ് അവധി

കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ ക്രിസ്തുമസ് അവധി ഡിസംബർ 23 മുതൽ ജനുവരി രണ്ട് വരെയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

## ബി.എ/ബി.എസ്സി/ബി.എ (അഫ്സൽ-ഉൽ-ഉലാമ) പരീക്ഷ

കേരള സർവകലാശാല ബി.എ/ബി.എസ്സി/ബി.എ (അഫ്സൽ-ഉൽ-ഉലാമ) (ആന്വൽ സ്കീം) പാർട്ട് ഒന്നും രണ്ടും, ബി.എസ്സി (ആന്വൽ) പാർട്ട് മൂന്ന് സബ്സിഡിയറി വിഷയങ്ങളുടെയും സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ 30 (50 രൂപ പിഴയോടെ ജനുവരി നാല്, 125 രൂപ പിഴയോടെ ജനുവരി ആറ്) വരെയും അപേക്ഷിക്കാവുന്നതാണ്. മുൻപ് ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ, ഫീസടച്ച ശേഷം ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരീക്ഷാ തീയതി പിന്നീട് പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മെരിറ്റ് സ്കോളർഷിപ്പ് : സാധ്യതാ ലിസ്റ്റ്

കേരള സർവകലാശാല 2016-17 വർഷത്തിൽ വിവിധ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യത ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) .ന്യൂസ് എന്ന ലിങ്കിൽ ലഭിക്കും. പരാതികളുള്ളവർ ജനുവരി 10 നകം പ്രിൻസിപ്പൽ മുഖാന്തരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. ജനുവരി 10 നുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ടുമാത്രം സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

## എം.എസ്സി ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി പരീക്ഷയുടെയും നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ (2014 ബാച്ച്) റഗുലർ സപ്ലിമെന്ററി പരീക്ഷയുടെയും ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ജനുവരിയിൽ നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി 2013 സ്കീം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ 29 (50 രൂപ പിഴയോടെ ജനുവരി നാല്, 125 രൂപ പിഴയോടെ ജനുവരി ആറ്) വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## ഏകദിന സെമിനാർ

കേരള സർവകലാശാലയുടെ വേദാന്ത പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ യോഗ നിത്യജീവിതത്തിൽ എന്ന വിഷയത്തിൽ ഡിസംബർ 23 ന് സർവകലാശാല സെനറ്റ്ഹാൾ ഡയസ്സിൽ വച്ച് ഒരു ഏകദിന സെമിനാർ നടത്തുവാൻ

നിശ്ചയിച്ചിരിക്കുന്നു. കൈതപ്രം വാസുദേവൻ നമ്പൂതിരി (ഡയറക്ടർ, പതഞ്ജലി യോഗാ പഠന ഗവേഷണ കേന്ദ്രം) ഡോ. കെ.വി. പത്മനാഭൻ (കണ്ണൂർ സർവകലാശാല യോഗാദ്ധ്യാപകൻ) തുടങ്ങിയവർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതാണ്. നാല് മണിക്ക് സെനറ്റ് ചേമ്പറിൽ നടക്കുന്ന സമാപന സമ്മേളനത്തിൽ സർവകലാശാല രജിസ്ട്രാർ ഡോ. ആർ. ജയചന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്നതാണ്. റാണി ഗൗരി ലക്ഷ്മിഭായി തമ്പുരാട്ടി സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9400552206, 9961424848 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

തിരുവനന്തപുരം.
20.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**